**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1284** **07-10-2021 - ൽ മറുപടിയ്ക്ക്**

**എരുമേലി പിൽഗ്രിം അമിനിറ്റി സെന്റർ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി പിൽഗ്രിം അമിനിറ്റി സെന്ററിലെ പഴയ കെട്ടിടം നവീകരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി പിൽഗ്രിം അമിനിറ്റി സെന്ററിലെ പഴയ കെട്ടിടം നവീകരിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 98 ലക്ഷം രൂപയുടെ പദ്ധതി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം മുഖേന തയ്യാറാക്കി കോട്ടയം ഡി.റ്റി.പി.സി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ആയത് കോട്ടയം ജില്ലാ ഓഫീസറുടെ ശിപാർശ സഹിതം നൽകുവാൻ നിർദ്ദേശിച്ച് ഡി.റ്റി.പി.സി-യ്ക്ക് തിരികെ നൽകിയിരിക്കുകയാണെന്നും, ഉചിത മാർഗ്ഗേന പദ്ധതി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ